"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം- ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ. വിനീത്.വി.വി. യ്ക്ക് ക്ലർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.63/2023/F&WLD തീയതി,തിരുവനന്തപുരം, 10-02-2023.

പരാമർശം:-
1. ശ്രീ.വിനീത്. വി.വി സമർപ്പിച്ച 20.08.2020 ലെ അപേക്ഷ.
2. ഭരണവിഭാഗം അഡീഷണൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 04.02.2021, 05.10.2021, 29.10.2022, 20.01.2023 തീയതികളിലെ ഇ7-515/2021 നമ്പർ കത്തുകൾ.

**ഉത്തരവ്**

കോട്ടയം ഡിവിഷനിലെ കുമളി റേഞ്ചിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി ജോലി നോക്കുന്ന ശ്രീ. വിനീത് വി.വി.യ്ക്ക് ജോലി സ്ഥലത്തേക്കുള്ള യാത്രാമദ്ധ്യേ വാഹനാപകടത്തിൽ ശരീരത്തിന്റെ വലതു ഭാഗത്തിനുണ്ടായ ഗുരുതരമായ പരിക്ക് മൂലം ഫീൽഡ് ജോലിക്കുള്ള കായിക ക്ഷമത നഷ്ടപ്പെട്ടതായും ആയതിനാൽ ടിയാന്റെ ശാരീരികാവസ്ഥ പരിഗണിച്ച്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിന്നും ക്ലർക്ക് തസ്തികയിലേക്ക് തസ്തികമാറ്റം അനുവദിക്കണമെന്നും ആവശ്യപ്പെട്ട് മെഡിക്കൽ രേഖകൾ സഹിതം പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. അപകടത്തിൽ ശ്രീ. വിനീതിന്റെ വലത് കാലിനും കൈയ്ക്കും ഇടുപ്പെല്ലിനും തോളിനും ഗുരുതരമായ പരിക്ക് പറ്റിയതിനാൽ ഫീൽഡ് ജോലികൾ ചെയ്യുന്നതിന് സാധിക്കാത്ത അവസ്ഥയാണെന്നും ആയതിനാൽ ടിയാന്റെ തസ്തികമാറ്റത്തിനുള്ള അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കണമെന്നും ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (2) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീ. വിനീത് വി.വി.യ്ക്ക് 48 % Partial Permanent disability ഉള്ളതായി മെഡിക്കൽ ബോർഡ് സർട്ടിഫൈ ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, വനം വന്യജീവി വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി ജോലി നോക്കുന്ന ശ്രീ. വിനീത്.വി.വി. യ്ക്ക്, The Right of Persons with Disabilities Act, 2016 ന്റെ സെക്ഷൻ 20(4) ന്റെ ആനുകൂല്യം നൽകി, ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിലവിൽ ലഭിക്കുന്ന അടിസ്ഥാന ശമ്പളം സംരക്ഷിച്ചു കൊണ്ട്, ക്ലർക്ക് തസ്തികയിലെ സീനിയോറിറ്റി ഈ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതലേ പ്രാബല്യത്തിൽ വരികയുള്ളൂ എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, ക്ലർക്ക് തസ്തികയിലേയ്ക്ക് തസ്തിക മാറ്റം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ശ്രീ. വിനീത്.വി.വി, ബീറ്റ് ഫോറസ്റ്റ് ഓഫീസർ. (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ കൺസർവേറ്റർ (ഭരണം) മുഖേന).
അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Noushad S

Date: 13-02-2023 11:15:54

സെക്ഷൻ ഓഫീസർ